# രാജർഷി

പുസ്തകം 12 | മകരം 1121 | ലക്കം 6,

## മംഗളം.

സൽസാഹിതീസുധ സുമാനസരിൽ പകർന്നും
ചിൽസാരമായ പൊരുളാരിലുമേററിവെച്ചും,
ഉൽസാഹമോടുയരുമെന്നുടെ മാസികേ നീ
ചെൽക്കാന്തി കന്ദളമണച്ചഖിലം ജയിക്ക.

—ഷസ്സ്.

## ഇടതുപക്ഷ കോൺഗ്രസ്സ്കാരോട് ഒരു വാക്ക്.

(ഡി. കെ.)

കോൺഗ്രസ്സിൻെറ നിയമസഭാപരിപാടി പുരോഗമിക്കുകയാണ്. ആസ്സാമിലും അതിർത്തിയിലും കോൺഗ്രസ്സ് മന്ത്രിസഭകൾ രൂപീകരിക്കപ്പെട്ടു കഴിഞ്ഞു; സിന്ധിൽ അധികാരത്തിനുവേണ്ടി കുറച്ചൊന്നു വിലപേശിനോക്കി; പഞ്ചാബിലിതാ, പ്രതിലോമകാരികളുടെ നേതൃത്വം വഹിക്കുന്ന യൂനിയനിസ്റ്റുകാരേയും അകാലികളെയും കൂട്ടുപിടിച്ചു ഒരു സംയുക്തമന്ത്രിസഭ രൂപീകരിക്കുകയും ചെയ്തിരിക്കുന്നു. ബംഗാളൊഴികെയുള്ള മറെറല്ലാ സംസ്ഥാനങ്ങളിലും അടുത്തുതന്നെ കോൺഗ്രസ്സ് മന്ത്രിസഭകൾ രൂപീകരിക്കപ്പെടുമെന്നുള്ളതു തീർച്ചയുമാണ്. തിരഞ്ഞെടുപ്പു കഴിയുന്നതോടുകൂടി, ഇന്നു കാണുന്ന രാഷ്ട്രീയ പ്രബുദ്ധതയും പ്രവർത്തനോത്സാഹവും മന്ദീഭവിക്കും; നേതാക്കന്മാർ പലരും നിയമസഭകളിലെത്തും; ചിലർ മന്ത്രിമാരാവും; വേറെ ചിലർ ഗവണ്മെണ്ടുദ്യോഗസ്ഥന്മാരും. മന്ത്രിപദസ്വീകരണത്തോടുകൂടി, കോൺഗ്രസ്സിൻെറ ശ്രദ്ധ വളരെയധികം ഭരണകാര്യങ്ങളിലേക്ക തിരിയും— വേവൽപദ്ധതി നടപ്പിൽവരുകയാണെങ്കിൽ വിശേഷിച്ചും. ഏതായാലും കോൺഗ്രസ്സ് മന്ത്രിസഭകൾ, ഗാന്ധിജിയുടെ നിർമ്മാണപരിപാടി നടപ്പിൽവരുത്തുന്നതിനല്ല ഉദ്യോഗം സ്വീകരിക്കുകയെന്നു തീർച്ചയാണ്.

കോൺഗ്രസ്സ് താല്ക്കാലികമായെങ്കിലും സമരപരിപാടി കൈവെടിഞ്ഞിരിക്കുന്നുവെന്നുള്ളതെല്ലാം സ്പഷ്ടമാകുന്നു "ക്വിറ്റ് ഇന്ത്യാ" നടപ്പിൽവരുത്തുകയല്ലാ കഴിയുന്നതോളം സംസ്ഥാനങ്ങളിൽ ഭരണംകയ്യേല്ക്കുകയെന്നതാണ് കോൺഗ്ര

സ്സിൻെറ ഇന്നത്തെ ഉദ്ദേശം. നേതൃത്വം തന്നെ ഇത്തരത്തിലൊരു നയത്തെ പരസ്യമായനുഷ്ഠിച്ചാൽ, പിന്നെ സാധാരണ പ്രവത്തകന്മാർ കോൺഗ്രസ്സ ടിക്കററു കിട്ടാത്തതുകൊണ്ട് നിരാഹാരവ്രതമെടുക്കുന്നതിലത്ഭുതമില്ല. കോൺഗ്രസ്സിൽ നിയമസഭാപ്രവേശനവാദികൾക്കുള്ള ശക്തി വധിച്ചു വരികയാണ്.

കോൺഗ്രസ്സ് നേതൃത്വം, നിയമസഭാപരിപാടിയുമായി ഇത്രപെട്ടെന്നൊരു പ്രണയബന്ധത്തിലകപ്പെടാനുള്ള കാരണമാണ് മനസ്സിലാവാത്തതു്. സാമ്രാജ്യത്വത്തിൻെറ ഇരിമ്പുചട്ടക്കൂടുകൊണ്ടുമറച്ച് വൈസ്രോയിയുടെയും ഗവണ്ണർമാരുടെയും 'വിറെറാ' അധികാരം ഭദ്രമായുറപ്പിച്ചുവെച്ചിട്ടുള്ള 1935-ലെ ഭരണഘടനയിൽ എന്തൊരു മെച്ചമാണാവോ അവരിപ്പോൾ കണ്ടുപിടിച്ചിരിക്കുന്നതു്? സംസ്ഥാനസ്വയംഭരണമെന്നത് വെറും പൊള്ളയാണെന്നു്, അള്ളാബ'ക്സിൻെറയും ഫസലുൾഹക്കിൻെറയും അനുഭവം നല്ലപോലെ തെളിയിച്ചിട്ടുണ്ട്. മന്ത്രിസഭകൾക്കിന്നു ലഭിക്കുന്ന അധികാരമാകട്ടെ അപഹാസ്യമാംവണ്ണം പരിമിതമാണ്. പട്ടാളം, വിദേശവ്യാപാരം, സിവിൽസവ്വീസ്, മുതലായ അതിപ്രധാനമായ കാര്യങ്ങളിൽ ജനകീയ മന്ത്രിസഭകൾക്ക യാതൊരധികാരവുമില്ല. കോൺഗ്രസ്സ് മന്ത്രിസഭകൾ 1939-ൽ രാജിവെച്ചതുതന്നെ സംസ്ഥാനസ്വയംഭരണത്തിൻെറ കൊള്ളരുതായ്മ വ്യക്തമാക്കിയിട്ടുണ്ടല്ലോ. എങ്കിലും ഇന്നുനമ്മുടെ നേതാക്കന്മാർപറയുന്നു, ഇതു് 1939 അല്ല, 1946 ആണ്, സ്ഥിതിമാറിയിരിക്കുന്നു, ഇനിയൊരു പുതിയനയം ആവശ്യമാണ് എന്നൊക്കെ.

ശരി, ഈ പുതിയനയത്തിൻെറ ഫലങ്ങളെന്തെല്ലാമാണെന്നു നമുക്കൊന്നു നോക്കുക:

* കോൺഗ്രസ്സിൻെറ ഉദ്യോഗസ്വീകരണത്തെ പ്രോത്സാഹനംചെയ്തു്, തങ്ങളുടെ യുദ്ധകാലലാഭം ഇനിയും തുടർന്നുകൊണ്ടുപോവാമെന്നു സ്വപ്നംകാണുന്ന ഇന്ത്യൻ മുതലാളിമാരും വ്യവസായികളും ഇന്നു കോൺഗ്രസ്സിലേക്കു നുഴഞ്ഞുകയറുവാൻ ശ്രമിക്കുകയാണ്. ബിർളമാരും ഡാൽമിയമാരും ഇന്ന് കോൺഗ്രസ്സിൻെറ സ്ഥാപകന്മാരാണ്. കോൺഗ്രസ്സിൽ കടന്നുകൂടുന്നതിലൊ, അവക്കനുകൂലമായ ഒരു നിയമസഭാപരിപാടി കോൺഗ്രസ്സിനെക്കൊണ്ടംഗീകരിപ്പിക്കുന്നതിലൊ, ഇന്ത്യൻ മുതലാളിവർഗ്ഗം വിജയിച്ചാൽ, നമ്മുടെ ദേശീയപ്രസ്ഥാനത്തിൻെറ പിന്നത്തെ ഗതി നാശഗർത്തത്തിലേക്കാണ്.

* * ഉദ്യോഗമോഹികൾ, അവസരസേവകന്മാർ, വർഗ്ഗീയവാദികൾ മുതലായവർ കോൺഗ്രസ്സിലേക്ക സ്വാഗതംചെയ്യപ്പെടുമ്പോൾ, കോൺഗ്രസ്സിലുള്ള വിപ്ലവവിഭാഗം, നാട്ടുകാരെ സ്വാതന്ത്ര്യസമരത്തിലേക്ക നയിച്ച യുവജനപ്രസ്ഥാനം, അമർത്തപ്പെടുകയാണ്. എൻ. ബി. ഖരെ, രാജാജി, മുൻഷിമുതലായവർ കോൺഗ്രസ്സിലേക്ക പിടിച്ചുവലിക്കപ്പെടുമ്പോൾ, എസ്. കെ. പാട്ടീൽ സോഷ്യലിസ്റ്റ്കാരെ കോൺഗ്രസ്സിനു വെളിയിലാക്കുവാനുള്ള മാർഗ്ഗങ്ങളാരാഞ്ഞു തല പുണ്ണാക്കുകയാണ്.

* * * നാട്ടിലൊരററംമുതൽ മറേറ അററംവരെ, സാധാരണക്കാരിലും, പട്ടാളക്കാരിലും, തൊഴിലാളികളിലും ഉദിച്ചുയന്നിട്ടുള്ള സാമ്രാജ്യവിരോധത്തെ ഫലപ്രദമായുപയോഗപ്പെടുത്തി, അവസാനസമരത്തിനുള്ള ഒരു വിപ്ലവപരിപാടി രൂപീകരിക്കുന്നതിനുപകരം, അധികാരത്തി

ന്റെ അപ്പക്കഷണങ്ങൾക്കുവേണ്ടി നാമൊത്തിപ്പെട്ടുകൂടാ.

* * * * അധികാരമോഹംകയറി കണ്ണു മഞ്ഞളിച്ചുപോയാൽ നമുക്കു പൊതുജനശത്രുക്കളായ ദേശീയവഞ്ചകന്മാരെ തിരിച്ചറിയുകയില്ല. അല്ലെങ്കിൽ, നാട്ടുകാരെ കണ്ടമാനം കൂട്ടക്കൊലചെയ്യുന്ന ഒരു ഗവർമ്മേണ്ടിന്റെ പ്രതിനിധികളുമായി രഹസ്യസംഭാഷണങ്ങൾ നടക്കുമായിരുന്നില്ല; ജയപ്രകാശിനേയും. ലോഹിയേയും മൃഗീയമായി മർദ്ദിച്ച ആ തിവാനയുടെ നേതൃത്വം കോൺഗ്രസ്സു സ്വീകരിക്കുമായിരുന്നില്ല. ആസാദും പട്ടേലും ലാഹോർകോട്ടയെ വിസ്മരിച്ചിട്ടുണ്ടായിരിക്കാം; പക്ഷെ ഇന്നാട്ടിലെ വിപ്ലവകാരികളായ ചെറുപ്പക്കാർക്ക് ലാഹോർകോട്ടയേയും, തിവാനയേയും അത്രവേഗം മറക്കാനാവുകയില്ല.

അപ്പോൾ, ഈ പുതിയനയം കോൺഗ്രസ്സിനെ പിന്തിരിപ്പന്മാർക്കു വിട്ടുകൊടുക്കുകയാണോ? ഈ നയം ഇനിയും തുടരുവാനനുവദിക്കുമോ, എന്നതാണ് ആത്മാർത്ഥതയുള്ള ഓരോ കോൺഗ്രസ്സുകാരനേയും ഇന്നഭിമുഖീകരിക്കുന്ന പ്രശ്നം. ഇല്ല; ഈ രഹസ്യസംഭാഷണങ്ങൾ ഇന്നിമതിയാക്കേണ്ടിയിരിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ മുദ്രാവാക്യങ്ങൾ വിളിക്കുന്നതിനുള്ള കാലം എന്നപോലെ സന്ധിസംസാരത്തിനുള്ളകാലവും കഴിഞ്ഞുപോയിരിക്കുന്നു. 'ക്വിറ്റ് ഇന്ത്യാ', 'ചലോ ദില്ലി' മുതലായ വിപ്ലവമുദ്രാവാക്യങ്ങൾ മുഴക്കുകയും, അതേഅവസരത്തിൽത്തന്നെ, സാമ്രാജ്യത്വ കിങ്കരന്മാരുടെ മുമ്പിൽ അധികാരത്തിനു കമ്പിളുകോട്ടുകയും ചെയ്യുന്നത് നാട്ടുകാരെ തൃപ്തിപ്പെടുത്തുകയില്ല. സ്വാതന്ത്ര്യസമ്പാദനത്തിനു സന്ധിയില്ലാത്ത ഒരു വിപ്ലവപരിപാടി സ്വീകരിപ്പിക്കാനുതകുന്ന പരിതസ്ഥിതികൾ നാം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

അതാണ് ഇടതുപക്ഷകോൺഗ്രസ്സുകാരുടെ ഇന്നത്തെ ഏററവും വമ്പിച്ചചുമതല.

* * * * *

ആരാണ് ഈ ഇടതുപക്ഷകോൺഗ്രസ്സുകാർ?

1908-ലാണ് കോൺഗ്രസ്സിൽ ഇടതുപക്ഷത്തിന്റെ ആവിർഭാവം. അവിടന്നങ്ങോട്ടുള്ള കോൺഗ്രസ്സിന്റെ ചരിത്രം അധികവും, ഇടതുപക്ഷവും വലതുപക്ഷവുംതമ്മിലുള്ള വടംവലിയുടെ ഒരു ചരിത്രമാണ്. വിപ്ലവാവേശവും, സാമ്രാജ്യവിരോധവും ആളിപ്പിടിച്ചിരുന്ന ഇടതുപക്ഷക്കാർക്ക്, ഫലപ്രദമായ സംഘടനയുടെ അഭാവത്തിൽ, ഒരിക്കലും നേതൃത്വം കൈവന്നില്ല. അങ്ങിനെ സുദീർഘമായൊരു മത്സരത്തിനുശേഷം, 1920-ൽ കോൺഗ്രസ്സ് ഒരു സമരപരിപാടി സ്വീകരിച്ചപ്പോൾ രണ്ടുകക്ഷികളും യോജിച്ചു. പക്ഷെ പടന്നുപിടിച്ച ഒരു ബഹുജനസമരത്തെ കഴിയുന്നതും കഴിച്ചുനിർത്തണമെന്നു വാശിപിടിച്ച അന്നത്തെ കോൺഗ്രസ്സ് നേതൃത്വം വീണ്ടും ഇടതുപക്ഷക്കാരുമായിടഞ്ഞു. വെറും കുറച്ചു വ്യക്തികൾ മാത്രമായിരുന്ന അന്നത്തെ ഇടതുപക്ഷമായിരുന്നു, കോൺഗ്രസ്സിലുണ്ടായിരുന്ന, സാമാന്യജനങ്ങളുടെ പ്രതിനിധികൾ. ഇവർതന്നെയാണ് തൊഴിലാളികളേയും കൃഷിക്കാരെയും കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ കൊണ്ടുവരുവാൻ ആദ്യംമുതല്ക്കു പരിശ്രമിച്ചിരുന്നതും. നെഹ്റു, ബോസ് മുതലായ, ചെറുപ്പക്കാരും നവീനാശയക്കാരുമായ നേതാക്കന്മാരുടെ ആഗമനത്തോടുകൂടി, കോൺഗ്രസ്സ് ചില സാമ്പത്തികപരിപാടികളും സ്വീകരിച്ചു. സിവിൽനിയമലംഘനങ്ങൾ കോൺഗ്രസ്സിനെ ഒരു യഥാർത്ഥബഹുജനസംഘടനയാക്കു

കി. അവിടന്നങ്ങോട്ട വലതുപക്ഷവും ഇടതുപക്ഷവുംതമ്മിലുള്ള സമരം അധികവും ആദർശങ്ങൾതമ്മിലുള്ളൊരു സമരമായിരുന്നു

1932-ൽ ഈ വടംവലി ഒരു പുതിയരൂപം കൈക്കൊണ്ടു. അന്നുവരെ അസംഘടിതരായിരുന്ന ഇടതുപക്ഷക്കാർ, പ്രത്യേകവിഭാഗങ്ങളായി സംഘടിക്കുവാൻതുടങ്ങി. അങ്ങിനെ, കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി, കമ്യൂണിസ്റ്റ് പാർട്ടി, റോയിസ്റ്റ് പാർട്ടിമുതലായ ഇടതുപക്ഷഗ്രൂപ്പുകൾ നിലവിൽവന്നു. ഫോർവേഡ് ബ്ലോക്കാണ് അവസാനമായി രൂപീകരിക്കപ്പെട്ട ഇടതുപക്ഷഗ്രൂപ്പ്. ഈ വിവിധകക്ഷികൾ തമ്മിൽ തന്നെ ഐക്യമില്ലായിരുന്നതിനാൽ, 1937-വരെ കോൺഗ്രസ്സ് നേതൃത്വം വലതുപക്ഷക്കാരുടെ കയ്യിൽതന്നെയായിരുന്നു. ഇടതുപക്ഷകോൺഗ്രസ്സുകാർ തമ്മിലുള്ള ഈ അനൈക്യത്തിന്റെ അനാശാസ്യത മനസ്സിലാക്കിയ സുഭാസ്ബാബു 1939-ൽ Leftist Consolidation Committee രൂപീകരിച്ചു. വിവിധ ഇടതുപക്ഷഗ്രൂപ്പുകളെ തമ്മിലിണക്കി വലതുപക്ഷത്തെ പരാജയപ്പെടുത്തുകയെന്നതായിരുന്നു ഈ കമ്മിററിയുടെ ഉദ്ദേശം. അത് തികച്ചും വിജയിക്കുകയും ചെയ്തു. 1939-ൽ, നടന്ന കോൺഗ്രസ്സ് അദ്ധ്യക്ഷസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ ഇടതുപക്ഷസ്ഥാനാർത്ഥിയായ ബോസ് വലതുപക്ഷസ്ഥാനാർത്ഥിയായ പട്ടാഭിയെ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി തോല്പിച്ചു. പക്ഷെ 1940-നുശേഷം ഇടതുപക്ഷഗ്രൂപ്പുകൾ ഭിന്നിച്ചുമാറി.

1942 ആഗസ്റ്റ് 9-ാംനു, ഇടതുപക്ഷകക്ഷികൾതമ്മിൽ ഒരു ചേരിപിരിയൽ നടന്നു. കമ്യൂണിസ്റ്റ്, റോയിസ്റ്റ് കക്ഷികൾ ദേശീയപ്രസ്ഥാനത്തെ എതിർത്തു 'മ[illegible]; സി.എസ്സ്. പിയും ഫോർവേഡ് ബ്ലോക്കും ദേശീയത്വത്തിന്റെ ചേരിയിലും അടിയുറച്ചു. വിപ്ലവത്തിന്റെ ചരിത്രപ്രധാനമായ നിമിഷം വന്നപ്പോൾ നാട്ടിനേയും നാട്ടുകാരേയും വഞ്ചിച്ച ജോഷിസ്റ്റ്-റോയിസ്റ്റ് കക്ഷികൾ ഇന്ന് ഇടതുപക്ഷക്കാരല്ല, മികച്ച പിന്തിരിപ്പന്മാരാണു; വിപ്ലവമുദ്രാവാക്യങ്ങൾ മുഴക്കിയതുകൊണ്ടോ, സമരം പ്രസംഗിച്ചതുകൊണ്ടോ ഇനിയാരും അവരെ ഇടതുപക്ഷമായിക്കണക്കാക്കുകയുമില്ല.

അപ്പോൾ ഇടതുപക്ഷമെന്നുപറഞ്ഞാൽ നാമിന്നു മനസ്സിലാക്കുന്നത് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയേയും ഫോർവേഡ് ബ്ലോക്കിനേയുമാണ്; ആ പാർട്ടികളാണ് 1942-ൽ ദേശീയശക്തികളോട് സഹകരിച്ചുകൊണ്ട് സാമ്രാജ്യാധികാരിത്വത്തിന്നെതിരായി സമരംനടത്തിയത്. കോൺഗ്രസ്സിന്നുള്ളിലുള്ള പ്രതിലോമകാരികൾ, സന്ധിമനോഭാവക്കാർ മുതലായവരെ ഫലപ്രദമായി എതിർക്കുവാനുള്ള കഴിവും ഉത്തരവാദിത്വവും, രണ്ടു കാരണങ്ങൾകൊണ്ട്, സി. എസ്സ്. പിക്കാണ്.

<u>ഒന്നാമതായി. ആഗസ്റ്റ് വിപ്ലവത്തിന്റെ നേതൃത്വം വഹിച്ചത്.</u> പാർട്ടിയുടെ ആഹ്വാനമനുസരിച്ചാണ്, ആയിരിക്കണക്കായി ദേശാഭിമാനികൾ അന്ന്, സ്വാതന്ത്ര്യത്തിന്റെ ബലിപീഠത്തിൽ ആത്മബലിയർപ്പിച്ചതു്. പാർട്ടിനേതാക്കന്മാരായ ജയപ്രകാശും, പട്വർദ്ധനമാനു്, നേതാക്കന്മാരില്ലാതെ, സമരപരിപാടിയില്ലാതെ, മിഴിച്ചുനിന്നിരുന്ന ഒരു ജനതയെയാകമാനം, സാമ്രാജ്യത്വത്തിന്നെതിരായി നയിച്ചതു്. 1942 ൽ ബീഹാറിൽ ബ്രിട്ടീഷാധിപത്യം കിടന്നു കറ്റിക്കരഞ്ഞിട്ടുണ്ടെങ്കിൽ, സത്താറയിലും, മിഡ്നാപ്പൂരിലും, ജനകീയ ഗവർമ്മെണ്ടുക

ം ഭരണംനടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയാണ്. സ്വാതന്ത്ര്യസമരത്താൽ മഹനീയവും അഭിമാനകരവുമായ ഒരു പങ്കാണ് പാർട്ടി വഹിച്ചിട്ടുള്ളത്.

രണ്ടാമത്, സി. എസ്സ്.പിയാണ് കോൺഗ്രസ്സിലെ വലതുപക്ഷക്കാരോട് ഇത്രയുംകാലം സമരംനടത്തിയിട്ടുള്ളത്. കോൺഗ്രസ്സിനെ ഒരു ബഹുജനസംഘടനയാക്കുന്നതിലും, കർഷക, തൊഴിലാളി, വിദ്യാർത്ഥിവർഗ്ഗങ്ങളെ പ്രത്യേകമായി കോൺഗ്രസ്സിനുകീഴിൽ സംഘടിപ്പിക്കുന്നതിലും പാർട്ടി പരിശ്രമിച്ചിട്ടുണ്ട്. പാർട്ടിയുടെ പ്രവർത്തനത്തിന്നനുസരിച്ച ജനസ്വാധീനം പാർട്ടിക്കുനേടുവാൻ സാധിച്ചിട്ടുണ്ടെന്നു 1942_ൽ വ്യക്തവുമായിട്ടുണ്ട്. മറെറാരുകാരണം പാർട്ടിയുടെ പരിപാടി രാഷ്ട്രീയം മാത്രമല്ല, സാമ്പത്തികംകൂടിയാണെന്നുള്ളതാണ്. ഫോർവേഡ് ബ്ലോക്കിന്നാകട്ടെ, രാഷ്ട്രീയമായ ഒരുദ്ദേശമേ ഉണ്ടായിരുന്നുള്ളു—കോൺഗ്രസ്സിനെ കൊണ്ട് ഒരു സമരപരിപാടി സ്വീകരിപ്പിക്കുക. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷമുള്ള സ്ഥിതിയെപ്പററി അതൊരിക്കലും ചിന്തിച്ചിട്ടില്ല. സി. എസ്സ്.പിക്കാകട്ടെ ഒരു സ്വതന്ത്രഭാരതം മാത്രമല്ല, ഒരു സോഷ്യലിസ്റ്റ് ഭാരതം കൂടിയായിരുന്നു ലക്ഷ്യം. സ്വാതന്ത്ര്യസമ്പാദനത്തിന്നുശേഷം ഇന്ത്യയിലുള്ള 40 കോടി ജനങ്ങളുടെ വിധിയെ ബിർളമാക്കും ടാററമാക്കും വിട്ടുകൊടുക്കുവാൻ പാർട്ടി തെയ്യാറായിരുന്നില്ല. ഭാരതത്തിന്നു ഒരു സോഷ്യലിസ്റ്റ് ഭരണഘടനയുണ്ടാവണമെന്നതായിരിരുന്നു പാർട്ടിയുടെ ആവശ്യം.

സി. എസ്സ്.പിയെപ്പററി നാമിന്നു യാതൊന്നും കേൾക്കാറില്ല. കേരളത്തിൽ അതിന്റെ ഘടകം ഉണ്ടോഎന്നുതന്നെ അറിയുന്നില്ല. ഈ സ്ഥിതിക്കുള്ള കാരണങ്ങൾ മൂന്നാണ്.

ഒന്നാമതായി ഗവർമ്മേണ്ടിന്റെ മർദ്ദനവും നിരോധനാജ്ഞയും. സോഷ്യലിസ്റ്റ് പാർട്ടിക്കുൻഭവിക്കേണ്ടിവന്ന പോലുള്ള അത്ര കഠിനമായ മർദ്ദനം, മറെറാരുപാർട്ടിക്കും അനുഭവിക്കേണ്ടിവന്നിട്ടുണ്ടോ എന്നു സംശയമാണ്. ഇതരകക്ഷികൾ നിയമവിരുദ്ധമാക്കപ്പെട്ടിട്ടുണ്ട്; അവയുടെ പ്രവർത്തകന്മാർ ബന്ധനസ്ഥരാക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, സി. എസ്സ്.പിയുടെ ചരിത്രം അതിൽനിന്നൊക്കെ വ്യത്യസ്തമാണ്. ഹിററ്ലറുടെ വാഴ്ച്ചക്കുകീഴിൽ സോഷ്യലിസ്റ്റ് ശക്തികൾക്ക് ജർമ്മനിയിലുണ്ടായ അനുഭവമാണ് ബ്രിട്ടീഷ് ഭരണത്തിനുകീഴിൽ പാർട്ടിക്കുണ്ടായിട്ടുള്ളത്. ഇന്നും പാർട്ടി നിയമവിരുദ്ധമാണ്; പാർട്ടിപ്രവർത്തകന്മാർ പലരും ജയിലിലുമാണ്. നെഹ്റുവിനെയും, പട്ടേലിനെയും സ്വതന്ത്രമായി പ്രവർത്തിക്കാനനുവദിച്ച ഗവർമ്മേണ്ട്, ജയപ്രകാശിനെയും ലോഹിയയേയും ഇന്നും ഇരുട്ടുമുറിയിലിട്ടടച്ചുകയാണ്.

പാർട്ടിയുടെ ജനസ്വാധീനത തടയാൻശ്രമിച്ച മറെറാരുശക്തി ഇന്ത്യയിലെ ജോഷിസ്റ്റ്കാരാണ്. 1642-45 വരെയുള്ള അവരുടെ പ്രവർത്തനത്തിന്റെ വലിയൊരുഭാഗം സോഷ്യലിസ്റ്റ് പാർട്ടിക്കെതിരായ കുപ്രചരണമായിരുന്നു. ഗവർമ്മേണ്ടുമായി ഒരു ജീവൻമരണ സമരത്തിലേർപ്പെട്ടിരുന്ന സി. എസ്സ്.പിയെ ജോഷിയും കമ്പനിയും നിഷ്ഠുരണം പിന്നിൽനിന്നു കുത്തുകയാണുണ്ടായത്. ഒരു സഹോദരകക്ഷിയുടെ നിയമവിരുദ്ധനിലയെ, സ്വന്തം കക്ഷിയുടെ ഗുണത്തിനുവേണ്ടി ചൂഷണം ചെയ്യുകയെന്ന, ആ വൃത്തികെട്ട രാജ്യതന്ത്രജ്ഞതയുടെ ഒരു സാമ്പിളാണത്! സാ

ധ്രാജ്യത്വം സോഷ്യലിസ്റ്റ് പാൎട്ടിയുടെനേരെ മിന്നൽസമരം നടത്തുക; പാൎട്ടിനേതാക്കന്മാർ മൃഗങ്ങളെപ്പോലെ വേട്ടയാടപ്പെടുക, തങ്ങളുടെ നയവും പരിപാടിയും ജനങ്ങൾക്കു വിവരിച്ചുകൊടുക്കുവാൻ പാൎട്ടിപ്രവൎത്തകന്മാൎക്കു സ്വാതന്ത്ര്യമില്ലാതിരിക്കുക;—അങ്ങിനെയുള്ളൊരവസരത്തിലാണ്, ഗവൎമ്മേണ്ടിൻെറ കൂട്ടുപിടിച്ച് ജോഷികിങ്കരന്മാർ, പാൎട്ടിയോടു് സമരംതുടങ്ങിയതു്. "സോഷ്യലിസ്റ്റ്കാർ രാജ്യദ്രോഹികളാണ്; ജയപ്രകാശ് ജെയിൽചാടിയതു് ജപ്പാനീസ് ചക്രവൎത്തിയെ സ്വീകരിക്കാനാണ്" എന്നുതുടങ്ങിയ ആ തെറിപറയൽ പ്രസ്ഥാനം അധികമാരും മറന്നിരിക്കയില്ല. കോൺഗ്രസ്സ് നേതാക്കന്മാർ ജെയിലിലായിരുന്നപ്പോൾ, കോൺഗ്രസ്സിനെ അഞ്ചാംപത്തി സംഘടനയാക്കിക്കാണിക്കാൻവേണ്ടി ടോട്ടൻഹാം പ്രസിദ്ധീകരിച്ച ലഘുലേഖയെ അനുകരിച്ചുകൊണ്ട്, സോഷ്യലിസ്റ്റ്കക്ഷിയ്ക്കെതിരായി രണദിവെ പ്രസിദ്ധപ്പെടുത്തിയ കുപ്രസിദ്ധമായ ആ പുസ്തകവും നാട്ടുകാരുടെ സ്മരണയിൽനിന്നുമാഞ്ഞുപോയിരിക്കുകയില്ല. പക്ഷെ ടോട്ടൻഹാം എത്ര ദയനീയമായവിധത്തിലാണൊ പരാജയപ്പെട്ടതു്, അതിലും ദയനീയമായ രീതിയിലായിരിക്കും രണദിവെ പരാജയപ്പെടുക. നാട്ടുകാരുടെയിടയിൽ അവരിളക്കിവിട്ട സോഷ്യലിസ്റ്റ് വിരോധവിഷം ഇന്ന് അവരുടെനേരെത്തന്നെ തിരിഞ്ഞടിക്കുകയാണ്. ജയപ്രകാശും, പടവൎദ്ധനും ഇന്ന് ഇന്ത്യയിലെ സ്വാതന്ത്ര്യപ്രേമികളുടെ ആരാധനാപാത്രങ്ങളാണ്; മൎദ്ദനത്തിൻെറ തിച്ചൂളയിൽക്കൂടി സുധീരംകടന്നുപോന്ന പാൎട്ടി, പൂൎവ്വാധികം ശക്തിയോടുകൂടി, അടുത്ത ഭാവിയിൽ പുറത്തുവരും.

സോഷ്യലിസ്റ്റ് പ്രവൎത്തനം മന്ദീഭവിപ്പിക്കുന്ന മറെറാരുകാരണം, പ്രവൎത്തകന്മാരുടെ നിരാശയോടിടകലന്ന അലസതയാണ്. ജയപ്രകാശും ലോഹിയയും തുറുങ്കിലാണെങ്കിൽ, മെഹറലിയും അശോകമേത്തയും ഇന്ന് നമ്മുടെയിടയിലുണ്ട്; നരേന്ദ്രദേവും മസാനിയും ഇന്ന് സ്വതന്ത്രരാണ്. പക്ഷെ അവർ വ്യക്തമായ വല്ല പ്രവൎത്തനപരിപാടിയും രൂപീകരിച്ചിട്ടുണ്ടെന്നുതോന്നുന്നില്ല. വാസ്തവമാണ്, ആഗസ്ത് വിപ്ലവത്തിൽ പാൎട്ടിയ്ക്കുപററിയ മുറിവുകൾ ഉണക്കേണ്ടതായിട്ടുണ്ട്; അതേഅവസരത്തിൽതന്നെ, നാട്ടിൻെറ നാനാഭാഗങ്ങളിലുമായി ചിന്നിച്ചിതറിക്കിടക്കുന്ന സോഷ്യലിസ്റ്റ് ശക്തികളെ സംഘടിപ്പിച്ച്, സ്വാതന്ത്ര്യസമ്പാദനത്തിനുള്ള പരിശ്രമങ്ങൾ ഊൎജ്ജിതപ്പെടുത്തുകയെന്ന കാൎയ്യവും, സോഷ്യലിസ്റ്റ് നേതാക്കന്മാരുടെ ശ്രദ്ധയെ ആകൎഷിക്കേണ്ടതാണ്. പ്രവൃത്തിക്കാനാളുകളില്ലാഞ്ഞിട്ടല്ല; പ്രവൎത്തനരംഗമില്ലാഞ്ഞിട്ടല്ല വ്യക്തമായ നേതൃത്വവും പരിപാടിയുമില്ലാഞ്ഞിട്ടാണ് ഇന്നത്തെ ബുദ്ധിമുട്ട്. സോഷ്യലിസ്റ്റ് പാൎട്ടിയുടെകീഴിൽ നിന്നുകൊണ്ട്, ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹവും ആവേശവുമുള്ള, ഈ ലേഖകനെപ്പോലുള്ള, എത്രയോ ചെറുപ്പക്കാർ ഇന്നു ഇരുമ്പുപിടിച്ചുകൊണ്ടിരിക്കുകയാണ്. ജയപ്രകാശിൻെറ വിമോചനത്തേയോ, പാൎട്ടിയുടെ മേലുള്ള നിരോധം നീക്കംചെയ്യുന്നതിനെയൊ കാത്തിരിക്കുകയല്ല നാമിനുവേണ്ടതു്. സോഷ്യലിസ്റ്റ് നേതാക്കന്മാരുടെ ഈ അലസത, രണ്ടുവിധത്തിൽ വമ്പിച്ച ആപത്തുണ്ടാക്കുന്നുണ്ട്.

* കോൺഗ്രസ്സിലേക്കുള്ള തിരഞ്ഞെടുപ്പുകൾ അടുത്തുവരുന്നു. ഇടതുപക്ഷം തിരഞ്ഞെടുപ്പിനോടെന്തു നയമാണ് സ്വീകരിക്കുകയെന്ന് വ്യക്തമായിട്ടില്ല. തിരഞ്ഞെടുപ്പിൽനിന്ന് വിട്ടുനില്ക്കാനാണവരുടെ ഭാവമെങ്കിൽ, അതിൻെറ അൎത്ഥം

ഇന്നാട്ടിന്റെ ചരിത്രത്തിൽ അതിപ്രധാനമായൊരു ഘട്ടത്തിൽ, കോൺഗ്രസ്സ് നേതൃത്വത്തെ വലതുപക്ഷക്കാർക്കു സമ്മാനിക്കുകയെന്നതായിരിക്കും; സാമ്രാജ്യത്വത്തോടും, ഇന്ത്യൻ മുതലാളിത്വത്തോടും സന്ധിമനോഭാവം വളർത്തുവാനേ അത് സഹായിക്കുകയുള്ളു. അതിന്റെ ഫലമാകട്ടെ സ്വാതന്ത്ര്യസമരത്തെ നീട്ടിക്കൊണ്ടുപോവുകയായിരിക്കും. അതുകൊണ്ട് ഇന്നത്തെ അതിപ്രധാനമായ രാഷ്ട്രീയനിലയെ പരിഗണിച്ച് ഇടതുപക്ഷക്കാർ സ്വന്തം ശക്തിസംഘടിപ്പിച്ച്, കോൺഗ്രസ്സിൽ തങ്ങളുടെ നിലയുറപ്പിക്കേണ്ടതാവശ്യമാണ്

* * ഖദറുടുക്കുകയും, സോഷ്യലിസത്തെപ്പറ്റി കുറച്ചൊക്കെ, പ്രസംഗിക്കുകയും ചെയ്യുന്ന ആർക്കും ഇന്ന് 'ഇടതുപക്ഷ'മെന്ന ലേബലൊട്ടിച്ചു നടക്കാം. കേരളത്തിലെ ഇടതുപക്ഷനേതാക്കന്മാരാരെന്നു തന്നെ വ്യക്തമായ വിവരമില്ല. ഇതിന്റെ ഫലമായി ആത്മാർത്ഥതയുള്ള പ്രവർത്തകന്മാർ പിന്നാക്കം തള്ളപ്പെടുന്നു; തനി അവസരവാദികളുടെ കയ്യിൽ ഇടതുപക്ഷം ഒരു കളിപ്പാവയായിത്തീരുന്നു.

അതിപ്രധാനമായ ഈ യാഥാർത്ഥ്യങ്ങളെ മുൻനിർത്തി ഇന്നാട്ടിലെ സോഷ്യലിസ്റ്റു നേതാക്കന്മാർ തുടർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു—കേരളത്തിൽ വിശേഷിച്ചും. ഇവിടെ ഇടതുപക്ഷം ഇനിയുണ്ടാവണമെന്നു തോന്നുന്നു. 1942_വരെ ഇടതുപക്ഷമെന്ന നിലക്കു പ്രവർത്തിച്ചവർ മറുചേരിയിലേക്കു പോവുകയാണല്ലോ ഉണ്ടായത്. അതുകൊണ്ട് കൂടുതൽ വിഷമംപിടിച്ച ഒരു പ്രവൃത്തിയാണ് ഇടതുപക്ഷക്കാർക്കുള്ളത്. കോൺഗ്രസ്സ്, നേതാക്കന്മാർ നിയമസഭാപരിപാടിയിൽ മുങ്ങിയിരിക്കുകയാണ്; ഇന്നാട്ടിലെ കോൺഗ്രസ്സ് പ്രവർത്തനത്തിന്റെ ചുമതല ഇടതുപക്ഷത്തിന്നാണ്.

കോൺഗ്രസ്സ് നേതൃത്വത്തിന്നു നിയമസഭാപരിപാടിയിലുള്ള വിശ്വാസം അധികമാവുകയാണ്. ഇതിനെ മുളയിൽ തന്നെ നശിപ്പിക്കുന്നില്ലെങ്കിൽ, വളരെ കഴിയുംമുമ്പ്, അച്യുതും അരുണയും പ്രവചിച്ചപോലെ, കോൺഗ്രസ്സ്, സാമ്രാജ്യത്വവും, ജിന്നയുമായി സന്ധിക്കുപോവുന്നതു നമുക്കു കാണേണ്ടിവരും.

രണ്ടു വമ്പിച്ച പ്രവൃത്തികളാണ് ഇടതുപക്ഷക്കാർക്കു ചെയ്യാനുള്ളത്—ഒന്നു കോൺഗ്രസ്സിനുള്ളിലും, മറ്റൊന്നു വെളിയിലും.

കോൺഗ്രസ്സിനുള്ളിലുള്ള പ്രവൃത്തി വളരെ വ്യക്തമാണ്. സുശക്തവും സുസംഘടിതവുമായ ഒരിടതുപക്ഷം ഇന്നു കോൺഗ്രസ്സിലുണ്ടായിരുന്നുവെങ്കിൽ, മൻഷിയിന്നു കോൺഗ്രസ്സിലെത്തുമായിരുന്നില്ല; പണിമുടക്കിയ നാവികന്മാരോടു നിരുപാധികമായി കീഴടങ്ങാൻ കോൺഗ്രസ്സ് ആവശ്യപ്പെടുമായിരുന്നില്ല; പഞ്ചാബ് ബെൽസന്റെ നേതാവായ ഖിസർ വീണ്ടും അധികാരത്തിലേറുമായിരുന്നില്ല; അന്ധവർഗ്ഗീയവാദിയായ ദേശ്മുഖ് കോൺഗ്രസ്സ് എം. എൻ. എ. ആവുമായിരുന്നില്ല. കോൺഗ്രസ്സിനുള്ളിൽ നിന്നുകൊണ്ട്; വിപ്ലവപരമായ ഒരു സമരപരിപാടി നടപ്പിൽ വരുത്താൻവേണ്ടി ശ്രമിക്കുകയാണ് ഇടതുപക്ഷത്തിന്റെ കർത്തവ്യം.

കൂടുതൽ വമ്പിച്ച ഒരു പ്രവൃത്തിയാണ് കോൺഗ്രസ്സിന്നുപുറത്തുള്ളത്. ഇന്ത്യയിലത്തൊളിമിങ്ങോളം വിദേശഭരണത്തോടുള്ള വിരോധം വർദ്ധിച്ചുവരികയാണ്. അതൃപ്തിയും വെറുപ്പുമാണു നാമെവിടെയും കാണുന്നത്. പട്ടാളക്കാരുടെയിടയിൽപോലും ദേശീയബോധം അല

തല്ലുകയാണ്. സാമ്രാജ്യമാകട്ടെ, ലോകത്തിലെങ്ങും, ജനകീയപ്രസ്ഥാനങ്ങളുടെ അടികൊണ്ട് നട്ടെല്ലുപൊട്ടി മരണവിളി വിളിക്കുകയാണ്. ദേശീയവും അന്തർദ്ദേശീയവുമായ പരിതസ്ഥിതികൾ ഇന്നു നമുക്കനുകൂലമാണ്. ഈ പരിതസ്ഥിതികളെ നല്ലപോലെ ഉപയോഗപ്പെടുത്തി ഇന്നാട്ടിലെ സാമ്രാജ്യവിരോധി പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് കോൺഗ്രസ്സിനുപുറത്ത് ഇടതുപക്ഷത്തിനു ചെയ്യാനുള്ളത്. അത്തരത്തിലുള്ളൊരു ജനകീയപ്രസ്ഥാനത്തെ ചിലർ ഭയപ്പെട്ടെന്നുവരും; കാരണം, അത്ര ശക്തമായ ഒരു വിപ്ലവക്കൊടുങ്കാററ് ഇന്നാട്ടിലുണ്ടാവുകയാണെങ്കിൽ, അത് വിദേശീയാധിപത്യത്തോടൊന്നിച്ച്, നിലവിലുള്ള നിക്ഷിപ്തതാല്പര്യങ്ങളെയും അടിച്ചുപറത്തിക്കളയും.

പക്ഷെ ചില കാര്യങ്ങൾ ഇടതുപക്ഷക്കാർ നല്ലപോലെ ഓർക്കേണ്ടതുണ്ട്. കോൺഗ്രസ്സിനെ കൂടുതൽ ശക്തിപ്പെടുത്തുവാനല്ലാതെ, അതിൽ പിളർപ്പുണ്ടാകുവാനിടവരുത്തുന്ന യാതൊരു പരിപാടിയും അവരംഗീകരിക്കരുത്. കോൺഗ്രസ്സുമായി അവർക്കഭിപ്രായവ്യത്യാസങ്ങളുണ്ടായിരിക്കാം. ആ അഭിപ്രായവ്യത്യാസങ്ങളെത്രതന്നെ വലിയവയായാലുംശരി ഇന്നാട്ടിലെ ദേശീയപ്രസ്ഥാനത്തിൽനിന്നു വേറിട്ടുനില്ക്കാൻ കാരണമായിക്കൂടാ. കമ്യൂണിസ്റ്റ്കൾ ചെയ്തപോലെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ എതിർക്കുകയോ, അതിൽനിന്നു വേറിട്ടുനില്ക്കുകയോ ചെയ്യുന്നത് അങ്ങേഅററം ആത്മഹത്യാപരമായിരിക്കും. ഇടതുപക്ഷത്തിൻെറ പരിപാടി എത്രതന്നെ വിപ്ലവകരമായാലുംശരി, കോൺഗ്രസ്സിനെ എതിർക്കുകയാണെങ്കിൽ അത്, അണക്കെട്ട് പൊട്ടി അടിച്ചാർത്തുവരുന്ന ജലപ്രവാഹത്തിന്നെതിരായി പൊത്തുമ്പുതോണികൊണ്ടുപോവാനുള്ള ശ്രമമായിരിക്കും.

സോഷ്യലിസ്റ്റ് പാർട്ടിയ്ക്കു ഇന്ത്യയിൽ മഹനീയമായി ഒരു ഭാവിയുണ്ട്; സ്വാതന്ത്ര്യസമരത്തിൽ വമ്പിച്ച ഒരു പങ്കും വഹിക്കാനുണ്ട്. നേതാക്കന്മാർ ശരിയായി നയിച്ചാൽമതി; ജനങ്ങൾ, അവരെ പിന്തുടർന്നുകൊള്ളും.

---

## കവിതിലകൻ സി. കൃഷ്ണൻ കർത്താവ് അവർകൾക്ക് അനുമോദനം.

—०—

(പഴവിൽ കുഞ്ഞൻമാരാര്.)

ചൊല്ലാളും ഭാഗ്യവക്ഷസ്ഥലമിതിലമരും
സൽക്കവീന്ദ്രവ്രജത്തിൻ
കർത്താവായ് വാഴുമങ്ങേയ്ക്കൂഢകവിതിലക
സ്ഥാനമസ്മദ്ധരേശൻ.

നന്ദ്യാസന്ദേഹമേശാതരുളിയവിവരം
മുമ്പെന്നിയ്ക്കേകിയോരാ
പ്പത്രത്തെപ്പൂജചെയ്യുംചിതമൊടുപതിവാ
യിന്നുമുൾപ്പൂവിനാൽഞാൻ.

ആക്കൾതോഷംതുടിയ്ക്കില്ലിരണ്ടൊടിയി
ത്തേൻതൊഴുംപദ്യമേറെ (ടയാൽ-
ത്തീർക്കാൻചീർക്കുംപടുത്വംതടവിടുമവിടേ
യ്ക്കീവിലപ്പെട്ടനാമം.

ഊനംകൂടാത്തമാനം നിജകുലധനമായുള്ള
ഗോശ്രീമണാളൻ
മാനിച്ചൻപാർന്നുതന്നുള്ളതിലതുലയശ
സ്സോലുമുൽകൃഷ്ടബുദ്ധേ!

അന്തസ്സേറുന്ന ദന്തീശപരനിടിലതടത്തിങ്കൽ
ലസ്സൽസ്സുവർണ്ണ
പ്പട്ടംകെട്ടിച്ചമട്ടും, പരിമളമളവറ്റേ
ന്തിടുംമുല്ലമാല്യം
പെണ്മുത്തിൻകുന്തലിന്മേലഴകിനൊടണി
യിച്ചോണവുംചേച്ചയായ്ഭൂ
ജംബപ്രദേശിലയ്യൻ തിരുവടിവരിയിൽ-
ച്ചെയ്യട്ടൊരിശ്രേഷ്ഠകർമ്മം.

ഈവണ്ണംവണ്ണമാന്നീടിനപുകഴിനിയും
നേടി,മേന്മേൽസ്വഭാഷാ
ദേവീസ്ഥോജസ്സിണക്കി,കവിഗണപതി
യങ്ങുഭാഗ്യാംബുരാശേ! (യ-
പാരിൽപ്പാരിച്ചസൌഖ്യത്തൊടുസുചിര
മമന്നാലും; കണ്ണോക്കണംനീ
ക്കൂറോ,ടീദ്ദേഹമീയുമ്മലരട നിധിയാണേ
ന്നമക്കണ്ടധബുസേധാ!

## പോസ്റ്റാപ്പീസ്.

(തുടർച്ച)

ണ്ടെപ്പററി ആരുമത്ര ശ്രദ്ധിച്ചില്ല. ഒരു ദിവസം പോസ്റ്റുമാസ്റ്റർ തന്റെ രോഗശയ്യ പ്രാപിച്ച പുത്രിയുടെ സ്ഥിതിയറിയാതെ ഖിന്നനായിരിക്കുകയായിരുന്നു ആ സമയത്ത് എഴുത്തുസഞ്ചി എത്തി. ഒരു പിതൃഹൃദയത്തിന്റെ ആശങ്കാകലമായ അത്യാശയോടുകൂടി അദ്ദേഹം സഞ്ചികൾ പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ 'കോചവാൻ ആലിബാബ' എന്ന മേൽവിലാസത്തോടുകൂടി അതിലൊരെഴുത്തുകണ്ടു. അയാൾ മിഴിച്ചുനിന്നുപോയി. അതെ— അവസാനം മറിയത്തിന്റെ എഴുത്തെത്തിയെന്ന് അദ്ദേഹത്തിന് മനസ്സിലായി. ആലിയുടെ നേക്ക താൻ പ്രദർശിപ്പിച്ച നീചസ്വഭാവത്തെ ഓർത്ത് അയാൾ അത്യന്തം പരിതപിച്ചു. സഹാനുഭൂതി അയാളിൽ നിറഞ്ഞു. അന്തിമാശ്രുക്കളുമണിഞ്ഞ് ദീനനായി വടിയുംകുത്തിപ്പിടിച്ച് വൃദ്ധനായ ആലി വാതിൽക്കൽനിൽക്കുന്നതായി അയാൾക്കുതോന്നി; താനറിയാതെ എന്തോ പ്രലപിച്ചുപോയി.

'ബാബുജി! എന്താ ആലിബാബയോ?' എന്ന ചോദ്യത്തോടുകൂടി ലക്ഷ്മീദാസൻ (ക്ലാർക്ക്) ഒരു ഭാഗത്തുനിന്നു ഓടിയെത്തി.

'അതെ, ആലിബാബ! എന്താ നിങ്ങളുടണോ?'

'സാഹബ്ബ്! അയാൾ മരിച്ചുപോയി. അയാളുടെ എഴുത്തു എനിക്ക തന്നോളൂ. എന്നെ ഏൽപ്പിച്ചിട്ടുണ്ട്,'

'ഏ! എപ്പോൾമരിച്ചു! സത്യംപറകയാണോ ലക്ഷ്മീദാസ്!'

'അതേ സാഹബ്ബ്! ഏകദേശം മൂന്നു മാസമായി.' പോസ്റ്റുമാസ്റ്റർ നിശ്ചഞ്ചലനായി മിഴിച്ചുനിന്നുപോയി.

അന്നു സായാഹ്നത്തോടുകൂടി അവർ രണ്ടുപേരും ആലിയുടെ ശവകുടീരസ്ഥാനത്തേക്കു യാത്രയായി. മറിയത്തിന്റെ എഴുത്തും കൈവശമുണ്ടായിരുന്നു. ലക്ഷ്മീദാസൻ താൻ ഏററ ചുമതല നിർവ്വഹിച്ചു.

135121
52032: N36
H51
UNIVERSITY LIBRARY
2-OCT 1947

# "എന്നെനീയറിയുമോ?"

(ചെറുകാട്.)

(കേക)

"എന്നെനീയറിയുമോ?" ചോദിച്ചാളെൻ ചാരത്തു-
വന്നണഞ്ഞപ്പോൾ പ്രാണപ്രിയയോടൊരുനേരം
"എന്താണിതെല്ലാമവരും പറയുമ്പോലെത്തന്നെ-
ഭ്രാന്തുണ്ടെന്നെന്നെക്കൊണ്ടും പറയിക്കാനോ ഭാവം!"
ഞാനിതുന്നീട്ടും ചാരുകസേരക്കയ്യിൽ ചാഞ്ഞെൻ
മാനിനി ചിരിച്ചോതീ മാർത്തടം ഇളക്കിത.
"ഹൃദയോൽഗളദ്രാഗലിപ്തമാം കടാക്ഷത്താൽ
മുട്ടമേനിയാകെയെങ്ങും മുദ്രണമാലത്തിച്ചോൾ
അറിയില്ലപോലാത്മനാഥനെ—ഇരിക്കട്ടെ,
ഒരു മുദ്രയുംകൂടി നെറ്റിമേലെന്നും കാണ്മാൻ"-
ഉടനെന്നെൻ നിടിലത്തിൽ ചുംബിച്ചാപ്രണയാന്ധ-
ളുടൻവീണ്ടും ചിരി—കണ്ണടച്ചുരച്ചുഞാൻ.
—"വെച്ചമുദ്രകളെല്ലാം കുപ്പായത്തിന്മേലാണാ-
കുപ്പായം കീറിപ്പോയാലെന്നെനീയറിയുമോ?"

# മരുഭൂമിയിൽ.

(ഇ. കെ. ദിവാകരൻ പോററി.)

ചുടുവെയിലത്തെരിപൊരികൊള്ളുന്ന
കൊടുമണൽത്തടമദ്ധ്യത്തിലെത്തീഞാൻ.
ഇടതൂർന്നുവന്നു വീഴുന്നുമേൽക്കുമേൽ
പൊരികളും ചിന്നുന്ന തീക്കനൽക്കട്ടകളും.
അവയോടെല്ലാം പൊരുതിജ്ജയിച്ചതാ-
ണിതുവരെയ്ക്കും; തളർന്നുപോയിന്നുഞാൻ.
കഴിവെനിക്കില്ലിനിയിസ്ഥലംവിട്ടു
കഴലടിയൊന്നു മുന്നോട്ടുവെയ്ക്കുവാൻ.
ഒരു മരുപ്പച്ചകണ്ടെത്തുമെന്നുള്ള
കരുതലിന്നു മരീചികതന്നെയായ്.
ഇരുളിലന്ധനായ് തപ്പിത്തടഞ്ഞുകൊ-
ണ്ടൊരുവെളിച്ചം തിരഞ്ഞുനടന്നുഞാൻ
അടിമുടിപൊള്ളുമീ മണൽക്കാട്ടിലെൻ-
ചുടലതീർക്കുമെന്നോർത്തിരിക്കാവതോ?
കുടിലചിന്തകൾ ഏറുമുട്ടുമ്പൊഴുതൾ-
ക്കിടിലമുണ്ടായ് പിളരുന്നു ഹൃത്തടം.
ചടുലവാക്കുകളഭ്യസിച്ചില്ലഞാൻ
ചപലവേഷമണിഞ്ഞാൽ ഫലിക്കുവാൻ.
കുടിലമാമിജ്ജഗത്തിൽ പുതിയൊരു
നിടിലരേഖ വരയ്ക്കാൻ കഴിവതോ?
പുതുമതേടിയെൻ കൈയ്യും പിടിച്ചുകൊ-
ണ്ടിതുവരെയ്ക്കും നടന്ന സഹജരേ,
സദയമാശചിത്രങ്ങൾ കാട്ടിയെൻ-
ഹൃദയസാന്ത്വനം ചെയ്ത സഖാക്കളേ.
മതി, മറന്നേയ്ക്കു, നിങ്ങളിക്കൂട്ടിയ
ചിതയിൽവീണു കരിഞ്ഞ കലികയേ.
സതതസന്താപസഞ്ചാരവീഥിയിൽ
പതിതമായൊരു കണ്ണീർക്കണികഞാൻ.
ഇനിയെവിടെയ്ക്കുകണ്ടു നിങ്ങളി
തനിയെവീണുതകർന്ന കിനാവിനെ?
വിഫലമീമരുഭൂവിൽക്കിടക്കേണ്ട
വികലമായൊരു മൺതരിയാണുഞാൻ.
അറവെറും പൊള്ള ശൂന്യമാണെങ്കിലും
പുറമെയേറെപ്പകിട്ടുകാണിക്കയാൽ
പരിസരങ്ങളെത്തെറ്റിദ്ധരിപ്പിച്ച
പരമവഞ്ചകനായിക്കഴിഞ്ഞുഞാൻ.
വിഹതമാകിലുമേകാന്തഭാവനാ-
വിഹരണോത്സുകമായ മന്മാനസം
പുണരുമിപ്പോളുടത്താർത്തു വാപിള-
ന്നണയുമത്യുഗ്രസംഹാരവഹ്നിയെ.
ഇവിടമാകമെൻ ദുർഭരജീവിത-
ച്ചുമടിറക്കുന്ന വിശ്രമത്താവളം.